**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**2018 ഏപ്രിൽ 02 ലെ മറുപടിക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6039**

## <u>വില്ലേജ് ഓഫീസർമാരുടെ തസ്തിക</u>

| **ചോദ്യം:ശ്രീ. സി. ദിവാകരൻ** | **ഉത്തരം: ഡോ.റ്റി.എം.തോമസ് ഐസക്**<br>**ബഹു.ധനകാര്യവും കയറും**<br>**വകുപ്പ് മന്ത്രി** |
|---|---|
| (എ) വില്ലേജ് ഓഫീസർമാരുടെ തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉയർത്തണമെന്ന ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശ നടപ്പിലാക്കിയിട്ടില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇത് സംബന്ധിച്ച ഫയലിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ? | വില്ലേജ് ഓഫീസർ തസ്തികയുടെ ശമ്പള സ്കെയിലിൽ രണ്ട് ലെവൽ വർദ്ധനവ് വരുത്തുന്ന പക്ഷം ഉണ്ടായേക്കാവുന്ന അധിക സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച് വിശദമായ റിപ്പോർട്ട്; ലാന്റ് റവന്യൂ വകുപ്പിൽ നിലവിലുള്ള തഹസീൽദാർ, ഡെപ്യൂട്ടി തഹസീൽദാർ, വില്ലേജ് ഓഫീസർ, റവന്യൂ ഇൻസ്പെക്ടർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക്, സീനിയർ ക്ലർക്ക് എന്നീ തസ്തികകളുടെ എണ്ണം; ഓരോ തസ്തികയിലേയ്ക്കും പ്രൊമോഷൻ ലഭിക്കുന്നതിനുള്ള ശരാശരി കാലയളവ് തുടങ്ങിയ വിവരങ്ങൾ സഹിതം ഫയൽ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല. ടി റിപ്പോർട്ട് ലഭിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

Nmuthan

**സെക്ഷൻ ഓഫീസർ**